ജന്മഭൂമി

24 May 2017

# ഡോ.കെ.കെ. ജോഷിക്ക് പുരസ്കാരം



കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) മറൈൻ ബയോഡൈവേഴ്സിറ്റി വിഭാഗം മേധാവിയും പ്രിൻസിപ്പൽ ഡോ. കെ.കെ. ജോഷിക്ക് സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ 2016 ലെ മികച്ച ജൈവ വൈവിധ്യ ഗവേഷകനുള്ള പുരസ്കാരം. സമുദ്ര ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കുമുള്ള അംഗീകാരമായാണ് പുരസ്കാരം. മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിച്ചു. പ്രശസ്തി പത്രവും അമ്പതിനായിരം രൂപയുമടങ്ങുന്നതാണ് പുരസ്കാരം.